4212
26/2/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ശ്രീ.വി.ചന്ദ്രൻ, നിധി കൺസ്ട്രക്ഷൻ, കുന്നത്തൂർമേട്, പാലക്കാട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 25408/2005 മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ. 84/2018/വനം തീയതി, തിരുവനന്തപുരം 16.02.2018

---

പരാമർശം : 1) 18.03.2003, 29.04.2003 തീയതികളിൽ ശ്രീ.ചന്ദ്രൻ, നിധി കൺസ്ട്രക്ഷൻ, കുന്നത്തൂർമേട്, പാലക്കാട് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷനുകൾ (Ext. P3, P4, P8 & P9)

2) ശ്രീ. ചന്ദ്രൻ, പാലക്കാട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 25408/2005-മേൽ 04.04.2016-ൽ കോടതി പുറപ്പെടുവിച്ച വിധിന്യായം.

3) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 06.08.2016-ലെ പ്രൊ(5)-5738/2005 നമ്പർ കത്ത്

4) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് ഡിവിഷൻ, പാലക്കാടിന്റെ 18.05.2017-ലെ ടി.എസ്.പി.2-1376/05 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.വി.ചന്ദ്രൻ, നിധി കൺസ്ട്രക്ഷൻ, കുന്നത്തൂർമേട്, പാലക്കാട് തനിക്കെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) No.25408/2005 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 4/4/2016 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ.ചന്ദ്രൻ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരാതികളിൽ അപേക്ഷകനെ നേരിൽ കേട്ടശേഷം മൂന്നു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിക്കെതിരെ കോടതി അനുവദിച്ച സ്റ്റേ ഓർഡർ അതുവരെ

നിലനിൽക്കുന്നതാണ്. അപേക്ഷകൻ അടച്ച തുകയുടെ തീരുമാനം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും എന്നും പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

2) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം (2)ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 28/10/2016 ൽ ഹിയറിംഗിനു ഹാജരാകുവാൻ ശ്രീ.ചന്ദ്രന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ല. അന്നേദിവസം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് ഡിവിഷൻ, പാലക്കാട് ഹാജരായിരുന്നു. 7/11/16 ൽ വീണ്ടും നടത്തിയ ഹിയറിംഗിൽ ശ്രീ.ചന്ദ്രൻ അഡ്വക്കേറ്റിനൊപ്പം ഹാജരായി.

3) ശ്രീ.ചന്ദ്രന്റെ വാദഗതികൾ താഴെപ്പറയുന്നു.

വാഹന സൗകര്യമുള്ള റോഡിന്റെ അഭാവം, വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം എന്നിവ സമയ ബന്ധിതമായി തടികൾ നീക്കുന്നതിന് അസൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത അസൗകര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ തടികൾ നീക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ദീർഘിപ്പിച്ച സമയത്തിനുള്ളിൽ ലേലത്തിൽ പിടിച്ച തടികൾ മൊത്തം നീക്കാനാകാത്തതും വകുപ്പ് വാഹനഗതാഗത സൗകര്യം ഒരുക്കി തരാത്തതിനാലാണ്. നീക്കാത്ത തടികൾക്ക് വനം വകുപ്പ് പുനർലേലം നിശ്ചയിക്കുകയുണ്ടായി. പുനർലേലത്തിന്റെ അടിസ്ഥാനത്തിൽ ആദ്യലേലക്കാരന് നഷ്ടം നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുൻപ് ലേലക്കാരനെ നേരിൽ കേട്ടിട്ടില്ല. ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ള രണ്ടുപേരിൽ ഒരാൾ ഏകപക്ഷീയമായി തീരുമാനം എടുക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതാണ്. നഷ്ടം നിശ്ചയിക്കുന്നതിന് മുൻപ് പരാതിക്കാരനെ നേരിൽ കേൾക്കാത്തതുകൊണ്ട് ഹർജിക്കാരനെതിരെ ചുമത്തിയ പിഴകൾ നിലനിൽക്കുന്നതല്ല. വലിയ തുക തിരിച്ചടക്കാനുണ്ടായ കാരണം തഹസിൽദാർ റവന്യൂ റിക്കവറിക്ക് വീട്ടിൽ വന്ന് തന്റെ ഭാര്യയെ ഭീഷണിപ്പെടുത്തിയതുകൊണ്ടാണ്.

4) പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താഴെപറയും പ്രകാരം അഭിപ്രായപ്പെട്ടു. കേരള ഗസറ്റ് നം.50, 19/12/2000 തീയതിയിൽ പ്രസിദ്ധീകരിച്ച CCF(P) ന്റെ നോട്ടിഫിക്കേഷൻ പ്രകാരമാണ് ലേലങ്ങൾ നടത്തിയിട്ടുള്ളത്. ലേല നിബന്ധനകൾ എല്ലാം അംഗീകരിച്ചുകൊണ്ടാണ് ശ്രീ.ചന്ദ്രൻ ലേലത്തിൽ പങ്കെടുത്തിട്ടുള്ളത്. പ്രസ്തുത ലേലനിബന്ധനയിലെ 4(c) പ്രകാരമാണ് പിഴ പലിശ ഈടാക്കിയിട്ടുള്ളതും, അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടിയിട്ടുള്ളതും. കൂടാതെ നോട്ടിഫിക്കേഷനിലെ clause 6(a) പ്രകാരം പലിശ, പിഴപലിശ, സർചാർജ്ജ്, തറവാടക, ആദ്യലേല തുകയിൽ നിന്ന് രണ്ടാമത്തെ ലേലതുക വ്യത്യാസത്തിന് ആനുപാതികമായ വിൽപന നികുതി, വന വികസന നികുതി, വകുപ്പിലെ മറ്റ് ചിലവുകൾ എന്നിവ ഒടുക്കുന്നതിന് ആദ്യ ലേലക്കാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ലേല നിബന്ധന പ്രകാരമാണ് ബാദ്ധ്യതകൾ കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ നിയമാനുസൃതമായി കണക്കാക്കിയ തുക അടയ്ക്കുവാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്. ആയതിനാൽ ഹർജിക്കാരന്റെ അപ്പീലിലെ വാദഗതികൾ

നിലനിൽക്കുന്നതല്ല.

5) ശ്രീ ചന്ദ്രൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപ്പീലുകളിലെ ആവശ്യങ്ങൾ ഇപ്രകാരമാണ്.

(i) വിൽപ്പന പൂർത്തിയാകാത്ത തടികൾക്ക് ഈടാക്കിയ സെയിൽസ് ടാക്സ്, അഡീഷണൽ സെയിൽസ് ടാക്സ്, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് എന്നിവ ഒഴിവാക്കണം.

(ii) ലേല സംഖ്യയുടെ 1/5 തുക കെട്ടിവച്ചത് സർക്കാർ നഷ്ടമായി കണക്കാക്കിയ തുകയിൽ നിന്ന് കുറയ്ക്കണം.

6) ശ്രീ.ചന്ദ്രന്റെ വാദഗതികൾ വനം വകുപ്പിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെയും സർക്കാരിൽ നിലവിലുള്ള വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പറമ്പികുളം, ആനപ്പാടി എന്നീ ഡിവിഷനുകളിലെ ലേലത്തിൽ സംഭവിച്ച സർക്കാർ നഷ്ടമായ 8,07,652/- രൂപ ഹർജിക്കാരൻ ഒടുക്കിയിട്ടുണ്ട്. ഇനി ഒടുക്കുവാനുള്ള തുക 16,07,586/- രൂപയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജിക്കാരനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടായിരുന്നു. സ്റ്റേ ഉത്തരവ് റദ്ദ് ചെയ്ത് റവന്യൂ റിക്കവറി നടപടികൾ പുനരാരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ ഐ.എ 10016/13, 4588/14 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. വനം വകുപ്പ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചുകൊള്ളാം എന്ന കരാർ മുഖേനയാണ് ശ്രീ.ചന്ദ്രൻ ലേലം കൊണ്ടിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ തടികൾ നീക്കുവാൻ സാധിക്കാത്തതിനാൽ രണ്ട് തവണയായി മൂന്നു മാസത്തെ സമയം സർക്കാർ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത സമയത്തിലും ഹർജിക്കാരൻ തടികൾ മാറ്റിയിട്ടില്ല. ഹർജിക്കാരൻ നീക്കം ചെയ്യാത്ത തടികളുടെ പുനർലേലം സംബന്ധിച്ച് ഹർജിക്കാരനെ വിവരങ്ങൾ അറിയിച്ചിട്ടുള്ളതും, ലേല നിബന്ധനകൾ പ്രകാരം ടി ലേലങ്ങൾ മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയാണെന്ന വിവരങ്ങൾ അറിയിച്ചിട്ടുള്ളതും, ഇതു സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് അവസരം നൽകിയിട്ടുള്ളതുമാണ്. 2001 രണ്ടാം പകുതിയിൽ നടന്ന ലേലം സംബന്ധിച്ച വിഷയത്തിൽ ഏകദേശം ഒന്നര ദശാബ്ദം കഴിഞ്ഞ്, നഷ്ടം നിശ്ചയിക്കുന്നതിന് മുൻപ്, നേരിൽ കേട്ടിരുന്നില്ല എന്നതുമാത്രം പരിഗണിച്ച് തുക ഒടുക്കുന്നതിൽ നിന്നും ലേലക്കാരനെ ഒഴിവാക്കാനാകുകയില്ല. സർക്കാർ തലത്തിൽ ദീർഘിപ്പിച്ചു നൽകിയ കാലാവധി കഴിഞ്ഞാണ് പുനർലേലം നടത്തിയിട്ടുള്ളത്. പുനർലേലം നടത്തി നഷ്ടോത്തര വാദം നിശ്ചയിച്ച സമയത്തോ, 2003 ൽ സമർപ്പിച്ച അപ്പീൽ പരാതിയിലോ ഈ വിഷയം ശ്രീ.ചന്ദ്രൻ ഉന്നയിച്ചിട്ടില്ല. അപ്പീൽ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ലേല നിബന്ധനയിൽ ഉള്ളതും, ആയത് പാലിച്ചുകൊള്ളാം എന്ന കരാറിൽ ലേലക്കാരൻ ഒപ്പു വച്ചിട്ടുള്ളതുമാണ്.

7) മേൽ സാഹചര്യത്തിൽ ശ്രീ.ചന്ദ്രൻ, നിധി കൺസ്ട്രക്ഷൻ, കുന്നത്തൂർമേട്, പാലക്കാട് സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപ്പീൽ പരാതികൾ

നിരസിച്ചുകൊണ്ടും സർക്കാരിലേക്ക് ഒടുക്കേണ്ട ബാക്കി തുക എത്രയും പെട്ടെന്ന് ഒടുക്കേണ്ടതാണെന്ന നിർദ്ദേശം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

8) മേൽ പ്രകാരം പരാമർശം (2)ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഗിരിജ കുമാരി. ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

ശ്രീ.വി.ചന്ദ്രൻ, നിധി കൺസ്ട്രക്ഷൻ, കുന്നത്തൂർമേട്, പാലക്കാട്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് ഡിവിഷൻ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

VBeena

സെക്ഷൻ ഓഫീസർ